(ഡി) ഇതുമൂലം 1985-ൽ സ്റേറററിനുണ്ടായ വരുമാനക്കുറവ് എത്ര ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) ഇതു സംബന്ധിച്ചുള്ള പത്രവാർത്തകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

(ബി) പിരിച്ചുവിടലിനെ സംബന്ധിച്ച് ആധികാരികമായ വിവരങ്ങളൊന്നും ഇതേവരെയും ലഭിച്ചിട്ടില്ല. ആധികാരികമായ വിവരം ലഭിക്കുമ്പോൾ അനന്തര നടപടികളെക്കുറിച്ച് ആലോചിക്കുന്നതാണ്.

(സി) ലഭ്യമല്ല.

(ഡി) വിവരം ലഭ്യമല്ല.

പബ്ലിക് സർവീസ് കമ്മീഷന്റെ നിയമനങ്ങളിലെ കാലതാമസം

* 13 [14] ശ്രീ. രാഘവൻ പൊഴക്കടവിൽ :

,, ഉമ്മൻ ചാണ്ടി :

,, ടി. എച്ച്. മുസ്തഫ :

,, കെ. രാഘവൻ മാസ്റർ :

,, ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) കേരളാ പബ്ലിക് സർവീസ് കമ്മീഷന്റെ നിയമനങ്ങളിൽ കാലതാമസം ഉണ്ടാകുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ കാലതാമസം ഒഴിവാക്കാൻ എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) നിലവിൽ എത്ര അപേക്ഷകൾ തീരുമാനമെടുക്കാതെ കിടപ്പുണ്ട് ;

(ഡി) ഈ കാലതാമസത്തിന് ഗവൺമെന്റ് ഒരു പരിധി നിർദ്ദേശിക്കുവാൻ തയാറാകുമോ ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) കമ്മീഷൻ നടത്തുന്ന എല്ലാ തെരഞ്ഞെടുപ്പുകളിലും കാലതാമസമുണ്ടെന്ന് പറയുന്നത് ശരിയല്ല. എന്നാൽ ചില തെരഞ്ഞെടുപ്പുകളിൽ കാലതാമസം ഉണ്ടാകാറുണ്ട്.

(ബി) കാലതാമസം കഴിയുന്നതും ഒഴിവാക്കുന്നതിലേക്കായി സ്റാഫിനേറയും മറ്റുപാധികളുടേയും അപര്യാപ്തതയും കമ്മീഷന്റെ ജോലിഭാരവും കണക്കിലെടുത്ത് കൂടുതൽ സ്റാഫിനെ നിയമിച്ചിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) റിപ്പോർട്ടുചെയ്യപ്പെടുന്ന വിവിധ തസ്തികകളിലേയ്ക്കുള്ള അപേക്ഷ ക്ഷണിച്ച് അവ സ്വീകരിച്ച്, പരിശോധിച്ച് എഴുത്തുപരീക്ഷ, വാചാപരീക്ഷ മുതലായവ നടത്തി ആവശ്യമായ റാങ്ക് ലിസ്റ് തയ്യാറാക്കി പ്രസിദ്ധീകരിച്ചതിനുശേഷമേ നിയമനത്തിനായി പ്രസ്തുത ലിസ്റിൽ നിന്ന് ഉദ്യോഗാർത്ഥികളെ കമ്മീഷൻ ശുപാർശ ചെയ്യൂ. ഈ നടപടിക്രമത്തിന് ഒരു സമയപരിധി നിർദ്ദേശിക്കുന്നത് പ്രായോഗികമാണ്.

LIBRARY ARCHIVES Kerala Legislative Assembly